Santhigiri

ഗുരുവാണി

"ഈശ്വരനെ വിധിവിഹിതമായിട്ട് നമുക്ക് കിട്ടാൻ ഈ വിധത്തിൽ (ഗുരുവിന്റെ അവസ്ഥയിൽ) ഒരവസരം ഉണ്ടായെങ്കിൽ അത് ഒരു വലിയ ഭാഗ്യമാണ്."

# ഉമ്മിണിതങ്കം

VOL 04 | ISSUE 41 | 2018 സെപ്റ്റംബർ 30 | 1194 കന്നി 14

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# സംയോജിത ചികിത്സാരീതിക്ക് പ്രാധാന്യം നൽകണം:

## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കാഞ്ഞിരപ്പള്ളി(കോട്ടയം):** ആരോഗ്യമേഖലയിൽ സംയോജിത ചികിത്സാരീതിക്ക് പ്രാധാന്യം നൽകണമെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി. കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന പ്രമുഖ കാൻസർ ചികിത്സകൻ ഡോ.സി.പി. മാത്യുവിന്റെ നവതി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സ്വാമി. കേരളത്തിലെ ആദ്യകാല കാൻസർ ചികിത്സകരിൽ ഒരാളായ ഡോ. സി.പി.മാത്യു കാൻസർ ചികിത്സക്ക് അലോപ്പതിയോടൊപ്പം സിദ്ധ വൈദ്യത്തേയും ഉപയോഗിച്ചു. മൂവായിരത്തിലധികം കാൻസർ രോഗികളെ സിദ്ധ മരുന്ന് മാത്രം നൽകി ചികിത്സിച്ചുവെന്ന ഡോക്ടർ മാത്യുവിന്റെ വെളിപ്പെടുത്തൽ ആരോഗ്യ മേഖലയിൽ പുതിയ വെളിച്ചം വീശുന്നുവെന്ന് സ്വാമി അഭിപ്രായപ്പെട്ടു. എല്ലാ രോഗങ്ങളുടെ ചികിത്സയിലും വൈദ്യശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ കണ്ടെത്തി മുഴുവൻ ചികിത്സാവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രചികിത്സാപദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാരും ആരോഗ്യമേഖലയിലെ സ്ഥാപനങ്ങളും മുന്നോട്ടുവരണമെന്നും സ്വാമി പറഞ്ഞു. ചടങ്ങിൽ ഡോ. സി. പി. മാത്യുവിനെ ആദരിച്ചു. തിരുവനന്തപുരം ആർ.സി.സിയിൽ അലോപ്പതിയോടൊപ്പം ആയുഷ് വിഭാഗത്തെ കൂടി ഉൾപ്പെടുത്തണമെന്ന് മറുപടി പ്രസംഗത്തിൽ ഡോ. സി. പി. മാത്യു പറഞ്ഞു. കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രമുഖ ഭൗതിക ശാസ്ത്രജ്ഞൻ ഡോ. പി.ഐ. ജോൺ, മാണി പി.ഐ., എ. ജെ. ജോൺ, ഡോ. ജിം ജോൺ, ഡോ. അഭിൽ മോഹൻ, ഡോ. അൻസാരി എ. എന്നിവർ സംസാരിച്ചു. ചടങ്ങിൽ സിദ്ധ ചികിത്സാഗ്രന്ഥമായ 'ആനന്ദകന്ദം' മലയാള വിവർത്തനവും ഡോ. സി.പി. മാത്യുവിന്റെ ചികിത്സാനുഭവങ്ങളെ ആസ്പദമാക്കി 'ഒരു ഡോക്ടറുടെ കുറിപ്പടികൾ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനവും നടന്നു. ഡോക്യുമെന്ററി പ്രകാശനവും ഉണ്ടായിരുന്നു.



*ഡോ. സി.പി. മാത്യുവിന്റെ നവതി ആഘോഷ ചടങ്ങ് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

# ഒമാൻ രാജ്യാന്തര ആരോഗ്യ ഉച്ചകോടി സമാപിച്ചു

**മസ്കറ്റ് (ഒമാൻ):** ഒമാനിൽ നടന്ന രാജ്യാന്തര ആരോഗ്യ ഉച്ചകോടിയും പ്രദർശനവും ശ്രദ്ധേയമായി. സെപ്റ്റംബർ 24 മുതൽ 26 വരെ മസ്കറ്റിലെ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലാണ് രാജ്യാന്തര ആരോഗ്യ ഉച്ചകോടി നടന്നത്. ചികിത്സയിലും രോഗീപരിചരണത്തിലും കേരളത്തിന്റെ മികവ് രാജ്യാന്തരതലത്തിൽ അവതരിപ്പിക്കാൻ അവസരമൊരുക്കിയ ഉച്ചകോടിയിൽ ശാന്തിഗിരി ആശ്രമത്തെ പ്രതിനിധീകരിച്ച് ഇന്റർനാഷണൽ ഓപ്പറേഷൻസ് ഡിവിഷൻ ഇൻചാർജ്ജ് ആദരണീയ സ്വാമി ജനനന്മ ജ്ഞാനതപസ്വി, സീനിയർ മാനേജർ കെ.എം. ധീരജ് എന്നിവർ പങ്കെടുത്തു.

ഇന്ത്യൻ എംബസിയുടെ സഹകരണത്തോടെ മലയാള മനോരമ ഒരുക്കിയ കേരള പവലിയനിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ സ്റ്റാളും ഉൾപ്പെട്ടിരുന്നു. ആഗോള നിലവാരമുള്ള ആശുപത്രികളും ചികിത്സകരുമുള്ള കേരളത്തെ മികച്ച ഹെൽത്ത് ടൂറിസം കേന്ദ്രമായി ഉയർത്തിക്കാട്ടുക എന്ന ലക്ഷ്യത്തോടെയാണ് കേരള പവലിയൻ ഒരുക്കിയത്.



*രാജ്യാന്തര ആരോഗ്യ ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ സ്വാമി ജനനന്മ ജ്ഞാനതപസ്വിയും മറ്റു പ്രതിനിധികളും*

# ശുചിത്വ പ്രതിജ്ഞയെടുത്ത് വിദ്യാർത്ഥികൾ

**എജ്യൂക്കേഷൻ സോൺ:** പകർച്ചവ്യാധികൾക്കെതിരെ ശാന്തിഗിരി വിദ്യാഭവനിലെ കുട്ടികൾ ശുചിത്വപ്രതിജ്ഞയെടുത്തു. മലിനമായ ചുറ്റുപാടിൽ കൊതുകുജന്യരോഗങ്ങളും പകർച്ചവ്യാധികളും പടരുന്ന സാഹചര്യത്തിലാണ് വിദ്യാർത്ഥികൾ പ്രതിജ്ഞയെടുത്തത്. വ്യക്തിശുചിത്വം പരിസരശുചിത്വം, വീട്, സ്കൂൾ തുടങ്ങിയിടങ്ങളിലെ ശുചിത്വം ഇവ പാലിക്കുമെന്ന പ്രതിജ്ഞ മാണിക്കൽ ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർ റിയാസ് കുട്ടികൾക്ക് ചൊല്ലിക്കൊടുത്തു. എം.പി. പ്രമോദ്, പി. വിജയകുമാരി എന്നിവരും പങ്കെടുത്തു. സംസ്ഥാന ആരോഗ്യവകുപ്പിന്റെ ഇതു സംബന്ധിച്ച നിർദേശത്തെ തുടർന്നാണ് ഹെൽത്ത് സെന്റർ അധികൃതർ സ്കൂളുകളിൽ ബോധവത്കരണം നടത്തുന്നത്.



*വിദ്യാഭവൻ വിദ്യാർത്ഥികൾ ശുചിത്വപ്രതിജ്ഞ എടുക്കുന്നു*



# പൂജാപുഷ്പങ്ങളുമായി റിസർച്ച് സോൺ പൂന്തോട്ടം

**റിസർച്ച് സോൺ:** ആരാധനയ്ക്കുള്ള പൂക്കൾക്കായി റിസർച്ച് സോണിൽ ഒരുക്കിയ പുതിയ പൂന്തോട്ടം സന്ദർശകരുടെ ഉൾപ്പെടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. റിസർച്ച് സോണിലുള്ള പുതിയ പൂന്തോട്ടത്തിൽ നിന്ന് പൂജയ്ക്കുള്ള പൂക്കൾ ശേഖരിച്ചുതുടങ്ങി. ജമന്തി, അരളി എന്നിവയും തുളസിയുമാണ് റിസർച്ച് സോണിലെ പൂന്തോട്ടത്തിൽ പ്രധാനമായും കൃഷി ചെയ്തിരിക്കുന്നത്. ആശ്രമത്തിലേക്കുള്ള പ്രധാന റോഡിന്റെ സമീപത്ത് മഞ്ഞയും പിങ്കും ഉൾപ്പെടെ വിവിധ നിറത്തിലുള്ള പൂക്കൾ വിരിഞ്ഞ പൂന്തോട്ടം നയനമനോഹരമായ കാഴ്ചയാണ്. ശാന്തിഗിരി വിദ്യാഭവൻ സ്കൂളിനു സമീപത്തും രത്നഗിരിയിലും ഉള്ള പൂന്തോട്ടങ്ങളിലും പൂക്കൃഷി ചെയ്തുവരുന്നുണ്ട്.

# ഗുരുവാണി

നിങ്ങൾ അറിവോടെ നിങ്ങളുടെ കർമം ചെയ്തുകൊണ്ടിരുന്നാൽ മതി. എന്താണ് ആ കർമം? പൂർവജന്മാർജിതമായിരിക്കുന്ന കർമത്തെ പൂർത്തിയാക്കലാണ്. പൂർവകർമങ്ങളെ എല്ലാം അറിഞ്ഞിട്ടു ചെയ്യാനും പൂർത്തിയാക്കാനും നിങ്ങൾക്കു കഴിയില്ല. നിങ്ങൾ അത് അറിയണമെന്നുമില്ല. വിശ്വസിക്കാൻ പഠിച്ചാൽ മാത്രം മതി. 'നിന്റെ വിശ്വാസം നിന്നെ രക്ഷിക്കും' എന്ന് യേശു പറഞ്ഞത് ഇതാണ്. വിശ്വസിക്കാൻ നിങ്ങൾ പഠിക്കണമല്ലോ. വിശ്വസിക്കാൻ ഒരു ഉറവിടം നിങ്ങൾക്കു തരികയാണ്. ആ ഉറവിടത്തിൽ ഉറച്ചുകൊണ്ട് ഓരോന്നായി പ്രവർത്തിച്ച് പൂർത്തിയാക്കണം. നിങ്ങളും ഭാര്യയും മക്കളും ഒരേ കർമത്തിൽ പെട്ടിരിക്കുകയാണ്. നിങ്ങൾ എന്തു പ്രാപിക്കുന്നുവോ അതുതന്നെ അവരും പ്രാപിക്കണം. അച്ഛൻ തികച്ചും വിശ്വാസം കൊണ്ട് സ്നേഹവും സ്നേഹം കൊണ്ട് കർമവും കർമം കൊണ്ട് പുണ്യവും പുണ്യം കൊണ്ട് ഭാഗ്യവും തേടിയ ആളാകണം. ഇതിനു യോഗ്യമായ ഒരു മാതാവിന്റെ ഉദരവും ആവശ്യമാണ്. ഇത്രയും യോഗ്യതയുള്ള മാതാവിനെ നമ്മൾ വളർത്തിയിട്ടുണ്ടോ? മക്കളുടെ ദൈവമായിരിക്കേണ്ട അച്ഛൻ ദൈവത്തെ കാണിച്ചുകൊടുക്കാനുള്ള അറിവോളമെങ്കിലും എത്തേണ്ടേ? ഇതിനുവേണ്ടിയായിരിക്കണം നിങ്ങളുടെ അന്വേഷണം. വേറെ എന്തന്വേഷിച്ചു കൊടുത്താലും മതിയാവുകയില്ല. ഇതാണ് കർമം. യോഗ്യത. ഈ യോഗ്യതയിൽ എത്തുന്ന അച്ഛനും അമ്മയുമാണ് ലോകത്തിന്റെ സന്താനത്തിനെ പൂർത്തീകരിക്കുന്നത്. ഇതു സന്ന്യാസി നേടേണ്ടതല്ല. ഗൃഹസ്ഥാശ്രമികളായ നിങ്ങൾ ഇത് ഉപേക്ഷിച്ചു നടന്നാൽ എന്തുചെയ്യാനാകും? ജാതിയും മതവും വർഗവും ഈ ഗൃഹസ്ഥാശ്രമജീവിതത്തിനു ബാധകമല്ല. കാലത്തിന്റെ ധർമം പ്രകാശമായി നിങ്ങളെ നയിക്കണം.

ഇതു കലിയാണ്. കലിയുടെ ധർമം എന്നത് മന്ത്രതന്ത്രാദികൾക്കപ്പുറം ശാക്തേയം, ശൈവം, വൈഷ്ണവം എന്നീ സമ്പ്രദായങ്ങൾ പൂർത്തിയാക്കിക്കൊണ്ടുപോയി പുനർജന്മങ്ങളിലൂടെ ജന്മസുകൃതങ്ങൾ സമ്പാദിച്ച് മുക്തിക്ക് അവകാശപ്പെട്ടുപോയിട്ട് കർമ്മമറ്റവനായി തിരിച്ചുവന്ന ഗുരു ചെയ്യുന്ന മാർഗദർശനമാണ്. യേശുവിന്റെയും നബിയുടെയും ആശയങ്ങൾപോലും പോരാ എന്നു വിളംബരം ചെയ്യുന്ന മട്ടിൽ കലി തുളുമ്പിനില്ക്കുന്നു. കലിയുടെ ധർമ്മം പൂർത്തീകരിക്കണമെങ്കിൽ നമ്മുടെ വീടുകളിലെ ഭാര്യയും അമ്മയും നബിയുടെ ഭാര്യയെയും അമ്മയെയും പോലെ നല്ലവരായിരിക്കണം. പ്രകാശത്തിൽനിന്നും വന്ന വാക്കിനെ തിരിച്ചറിയാൻ ആദ്യം നബിക്കു കഴിഞ്ഞില്ല. അതു തന്റെ തോന്നലായിരിക്കാം എന്നാണ് അദ്ദേഹം കരുതിയത്. അദ്ദേഹത്തിന്റെ ഭാര്യയാണ് അതിനെ തിരിച്ച് പ്രോത്സാഹിപ്പിച്ചത്. അവർ അത്രമേൽ നല്ലവരും യോഗ്യതയുള്ളവരും ആയിരുന്നു. നിങ്ങൾക്ക് ഒരു നന്മ പ്രാപിക്കാൻ നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കാം എന്നുപറയുന്ന ഭാര്യയെ വളർത്തിയെടുക്കാൻ നിങ്ങൾക്കു കഴിയണം. ഇത്രത്തോളം യോഗ്യത പ്രാപിച്ച് കർമം ചെയ്താലേ നിങ്ങൾക്ക് യുഗത്തെ നിവാരണം ചെയ്യാനുള്ള കർമത്തിന്റെ അവകാശികളാകാൻ കഴിയൂ. അല്ലാതെ എത്ര വലിയവനായാലും കർമത്തിൽ അയോഗ്യതയുള്ളവന് ഇതു കിട്ടുകയില്ല.

അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ ഗോളാന്തരചക്രം, അതാതു സ്ഥാനങ്ങളിൽ നിന്ന് നന്മയരുളണമെങ്കിൽ ദൈവകാരുണ്യംതന്നെ വേണം. ഈ അറിവ് ജനങ്ങൾക്ക് ഭരണകൂടങ്ങളിൽ കൂടി കിട്ടണം. ഇത് ജനങ്ങളും ഭരണകൂടങ്ങളും യഥായോഗ്യം സ്വീകരിക്കണം. ഇതൊന്നും കേട്ടതോ കണ്ടതോ ആയി ഭാവിക്കാതെ മരുമരീചികപോലുള്ള ആഹ്വാനങ്ങളിലും സാന്ത്വനവാക്കുകളിലും അമർന്നു കഴിഞ്ഞുകൂടിയാൽ വന്നുപോകാൻ സാദ്ധ്യതയുള്ള ഗോളാന്തരനാശങ്ങളെപ്പറ്റി എങ്ങനെ ചിന്തിച്ചറിയാൻ കഴിയും? ലോകമക്കളുടെ ദാരിദ്ര്യമില്ലായ്മയ്ക്കു നിദാനമായും ദൈവത്തിന്റെ സത്യവചനത്തിന്റെ ഉറവിടമായും ഭാരതത്തെ വളർത്തിയെടുക്കണമെങ്കിൽ ജീവിതംകൊണ്ട് ഈ ശരീരധർമ്മം സ്വീകരിക്കാൻ നമ്മൾ നിതാന്തജാഗ്രത പുലർത്തണം.

## വചനദീപ്തി

**ഓം! അസതോ മാ സദ്ഗമയ**
**തമസോ മാ ജ്യോതിർഗമയ**
**മൃത്യോർമാ അമൃതംഗമയ**
**ഓം! ശാന്തി! ശാന്തി! ശാന്തി!!**

**ബൃഹദാരണ്യകോപനിഷത്**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

5.10.2018 – കരുണപുരം
6.10.2018 – ജ്യോതിപുരം

## യാമപ്രാർത്ഥന

2018 ഒക്ടോബർ 4, വ്യാഴം

പ്രകാശപഥം

# ലോകമക്കൾക്കായി ഗുരു തന്റെ പ്രകാശരൂപത്തിൽകൂടി കാണിച്ചുകൊടുത്ത ഭാഗം

ഒരാൾ എന്റെയടുത്ത് ഒരനുഭവം പറയുകയുണ്ടായി. ആഹാരം കഴിക്കുന്നവരും പ്രസാദം വാങ്ങിക്കുന്നവരും പങ്ക് വാങ്ങിക്കുന്നവരും അങ്ങനെ ആശ്രമത്തിൽ കഴിയുന്ന അന്തേവാസികൾ എന്നല്ല, ലോകമക്കൾക്ക് വേണ്ടിയിട്ട് ഗുരു തന്റെ പ്രകാശരൂപത്തിൽക്കൂടി കാണിച്ചുകൊടുത്ത ഒരു ഭാഗമാണത്. ആഹാരം വിളമ്പിക്കൊടുക്കുമ്പോൾ ഒരു മനുഷ്യൻ കടുവയായി രൂപാന്തരം പ്രാപിക്കുകയും ഗുരുവിനെ കടന്നാക്രമിക്കുകയുമാണ്. ഒരു കൈയിൽകൂടി രക്തം ഇറ്റുവീഴുമ്പോഴും മറുകൈകൊണ്ട് ഗുരു അതിന് വീണ്ടും ആഹാരം വിളമ്പിക്കൊടുക്കുന്നു. ആ കൊടുക്കുന്ന സമയത്ത് ആ കടുവയുടെ രൂപം "പ്രത്യക്ഷാവഹം ധർമം" എന്ന നിലയിൽ ഗുരുവിന്റെ രൂപമായി മാറുന്നു. ദുഷ്ടവാസനകളും പാപശക്തിയും ജീവനിൽ പേറുന്ന ഒരു മനുഷ്യനെ ദൈവത്തിന്റെ രൂപമായി പരിണാമപ്പെടുത്തുന്ന ഈയൊരു കർമവൈഭവത്തിന് നിദാനമായ ഗുരുശിഷ്യബന്ധത്തിന് മറ്റൊരു സാക്ഷിത്വം നിങ്ങൾക്ക് എവിടെ കാണാൻ കഴിയും? അപ്പോൾ ആശ്രമത്തിൽ നിന്നും ആഹാരം കഴിക്കുന്ന ഭാഗവും നിങ്ങൾ മനസ്സിനെ എങ്ങനെ സൂക്ഷിക്കണം, എന്തുപോലെയിരിക്കണം എന്നുള്ള ഭാഗവും ആ കാഴ്ചയുടെ ഭാഗം നിങ്ങളുടെ മനസ്സിലേക്ക് ചിന്തിച്ചിട്ട് നിങ്ങൾക്ക് രോമാഞ്ചം കൊള്ളുന്നില്ലേ എന്ന് നിങ്ങൾതന്നെ നിങ്ങളോട് ചോദിച്ചു നോക്കൂ. കാരണം ആരുടെ കൈയിൽ നിന്ന് രക്തം വരുന്നു? എന്തു കടിക്കുന്നു? കഴിക്കുന്ന ആൾ എന്താണ്?

കടുവയും പുലിയും മാനും മുയലും കൂടുന്ന ലോകസമൂഹത്തിന്റെ സ്വഭാവമാണ് ഈ കണ്ടത്. അവർക്ക് ആഹാരം കൊടുത്തിട്ട് ഗുരു തന്നെപ്പോലെയാക്കിത്തീർക്കുന്നു. അതാണ് "ഭക്തന് ഗുരുവിൽവരും പരമൈക്യം"എന്നുപറയുന്ന ഭാഗം. ജീവനെ പരിവർത്തനപ്പെടുത്തുന്ന ഒരു ഭാഗമാണിവിടെ നാം കണ്ടത്. വാസനാമയമായിരിക്കുന്ന ജന്മാന്തര കർമദോഷങ്ങളുടെ കെട്ടഴിക്കുമ്പോൾ ഏതെല്ലാം സ്വഭാവത്തിലേക്ക് വരും എന്നു കണ്ടിട്ട്, നാം അത് മാറ്റിയെടുക്കാൻ 'വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണു ദൈവം' എന്ന ഒരറിവിൽ നിന്നില്ലെങ്കിൽ നാം എവിടെ എത്തും? നാം എന്തായിത്തീരും? എന്ന് ഓരോരുത്തരും ചിന്തിച്ചോളണം. അങ്ങനെ സാക്ഷാത്ക്കാരരൂപമായ ഈ ദർശനത്തിൽ നിങ്ങൾക്കെന്ത് കാണാൻ കഴിയും? നിങ്ങൾ എന്തായി ചിത്രീകരിക്കും? നിങ്ങൾ എന്താകും?

അതുകൊണ്ട് നമ്മൾ പ്രസാദം വാങ്ങിക്കുമ്പോഴും ഭസ്മം ഇടുമ്പോഴും എന്റെ ഉള്ളിൽ നിന്ന് ഈ കർമഗതി ആയിരിക്കുന്ന, സൂക്ഷ്മാത്സൂക്ഷ്മതരമായി തന്റെ ജീവനിൽ ഇരിക്കുന്ന ഈ കർമവിശേഷത്തെ അല്ലെങ്കിൽ ഈ കർമഗതിയെ പൊട്ടിച്ചെറിഞ്ഞിട്ട് എന്തു നന്മയാണോ എനിക്ക് കിട്ടേണ്ടത്, കിട്ടണം എന്നുള്ള സ്വഭാവത്തിൽ വേണം നാം ഇതു കഴിക്കാൻ.

**ദൈവസ്നേഹം പകുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ-** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ഗുരുപ്രസാദം

ആശ്രമത്തിൽ നിന്നു കിട്ടുന്ന അന്നം ഗുരുപ്രസാദത്തിന്റെ നിറവാണ്. അതിൽ സൃഷ്ടിചക്രത്തിന്റെ നിഗൂഢത മാത്രമല്ല ഗുരുപ്രകാശത്തിന്റെ അനുപമമായ മഹിമയും നിറഞ്ഞിരിക്കുന്നു. അന്നത്തിനെ എങ്ങനെ ബഹുമാനിക്കണം എന്നു സൂചിപ്പിക്കാനായി ഗുരു എടുത്തുപറഞ്ഞിട്ടുള്ള ഒരു പഴയ കഥ പ്രത്യേകം ഓർക്കേണ്ടുന്നതാണ്. പറയിപെറ്റ പന്തിരുകുലത്തിലെ പാക്കനാരുടെ കഥ.

പാക്കനാർ ഗൃഹസ്ഥനായതിനുശേഷം ഭാര്യ ചോറു വിളമ്പിയ ആദ്യ അവസരത്തിൽ വിചിത്രമായ ഒരു കാര്യം ആവശ്യപ്പെട്ടു; ഒരു സൂചിയും അല്പം വെള്ളവും കൊണ്ടുവന്ന് വെയ്ക്കണമെന്ന്. എന്തിനുവേണ്ടി എന്ന് അന്വേഷിക്കാതെ അവർ അദ്ദേഹം പറഞ്ഞതനുസരിച്ചു. എന്നാൽ ഊണുകഴിയുന്നിടംവരെ അദ്ദേഹം അത് ഉപയോഗിച്ചും കണ്ടില്ല. എന്നിട്ടും പിന്നീട് ചോറു വിളമ്പുമ്പോഴൊക്കെ അവർ സൂചിയും വെള്ളവും ഭർത്താവിന്റെ അടുത്തു വച്ചുകൊടുത്തു. പാക്കനാർ അത് ഉപയോഗിച്ചതേയില്ല.

ഒടുവിൽ പാക്കനാർ കടന്നുപോകാറായ അവസരത്തിൽ ഭാര്യ ചോദിച്ചു: അങ്ങ് സൂചിയും വെള്ളവും ഊണ് സമയത്ത് ആവശ്യപ്പെടുകയും അവ ഒരിക്കലും ഉപയോഗിക്കാതിരിക്കുകയും ചെയ്തു. എന്താണതിന്റെ അർത്ഥം? അപ്പോഴാണ് പാക്കാനാർ പറയുന്നത് ചോറുവറ്റ് താഴെ പോയാൽ കുത്തിയെടുക്കാൻ സൂചി, ആ വറ്റു കഴുകി ഉപയോഗിക്കാൻ വെള്ളവും. പക്ഷെ അങ്ങനെ ചെയ്യാനുള്ള അവസരം വന്നില്ല എന്ന്.

പാക്കനാർ ജീവിതകാലം മുഴുവൻ ഒരു വറ്റുപോലും താഴെ കളയാതെ ഊണു കഴിച്ചു എന്നർത്ഥം. അന്നം ദൈവികമായ വരദാനമെന്നതിനാൽ അതിനോടുള്ള പാക്കനാരുടെ ആദരവും താൻ ഏർപ്പെടുന്ന ഏതു കർമ്മത്തിലുമുള്ള നിതാന്ത ജാഗ്രതയും ഈ കഥയിൽ വ്യക്തമാണ്.

മാത്രമല്ല മറ്റൊരു സനാതനതത്വം കൂടി ഇതിൽ വെളിപ്പെടുന്നു. ഈശാവാസ്യോപനിഷത്തിൽ ഉള്ള ആദ്യ ശ്ലോകത്തിൽ ഈ തത്വം ഭംഗിയായി ബിംബിച്ചു നില്ക്കുന്നുണ്ട്. 'തേന ത്യക്തേന ഭുഞ്ജീഥാ' എന്ന ഭാഗത്തിലാണത്. ശ്രീനാരായണഗുരു ആ ഭാഗം 'ചരിക്ക മുക്തനായ്' എന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്. മുക്തനായിത്തീർന്നാൽ മാത്രം സാദ്ധ്യമാകുന്നതാണല്ലോ ത്യജിക്കലിന്റെയും ഭുജിക്കലിന്റെയും സമന്വയം. അവനവന് അടിസ്ഥാനപരമായി വേണ്ടതു മാത്രം എടുക്കും, മറ്റുള്ളവർക്കും കൂടി അനുഭവിക്കാൻ ബാക്കിവയ്ക്കും.

ഭക്ഷണത്തോടുള്ള സമീപനവും അങ്ങനെ തന്നെയാവണമല്ലോ. കൂടുതൽ എടുക്കാതെയും കളയാതെയും മനുഷ്യർ സൂക്ഷിക്കേണ്ടതുണ്ട്. ഗുരു നമ്മോട് എല്ലാം ഗുരുവിൽ അർപ്പിച്ച് ചെയ്യണമെന്നു പറയുന്നതിന്റെ സംഗതിയും ഇതാണെന്നു കരുതാം. മുക്താവസ്ഥയിലൊന്നുമല്ലാത്ത നമ്മൾ സർവ്വാത്മനാ എല്ലാം ഗുരുവിൽ അർപ്പിക്കുമ്പോൾ അവിടെ ഗുരുവിന്റെ കാരുണ്യം പ്രവർത്തിച്ച് നമ്മുടെ കർമ്മത്തെ മുക്തന്റെ കർമ്മത്തിനു സമാനമാക്കുന്നുണ്ടാവണം. അന്നം ഗുരുസമർപ്പണമായി ഉൾക്കൊള്ളുമ്പോൾ നമുക്ക് അവസരോചിതമായ വിവേകം കൈവരികയും പ്രതികൂലാംശങ്ങൾ ഉണ്ടെങ്കിൽ നീങ്ങിപ്പോവുകയും ചെയ്യും.

വർഷങ്ങൾക്കുമുമ്പ് ഒരിക്കൽ ആശ്രമത്തിൽ വച്ച് ബാക്കിവന്ന ഇത്തിരി ചോറ് ആരോ തെങ്ങിൻതടത്തിലോ മറ്റോ കളഞ്ഞുവെന്ന് കേട്ട് ഗുരു പറഞ്ഞ ഒരു വാചകം ഏവരെയും അത്ഭുതപ്പെടുത്തിയിരുന്നു. "അതവിടെ കിടന്നു തിളങ്ങും" എന്നാണ് ഗുരു പറഞ്ഞത്. ആശ്രമം ഗുരുപ്രകാശത്തിൽ പൂരിതമാണ്. അതുകൊണ്ടാണ് തിളങ്ങുന്നത്. അന്നം ഗുരുപ്രസാദമായി കിട്ടുമ്പോൾ അതു പ്രകാശപൂരിതമായിരിക്കും എന്നതിന്, ഗുരുപ്രകാശപ്രസരം ജീവന്റെ പോഷകമായി, ഭാഗ്യമായി നമ്മോടു കലരും എന്നതിന് 'അതു തിളങ്ങും' എന്ന് ഗുരു പറഞ്ഞതു മതിയല്ലോ ഏറ്റവും വലിയ തെളിവായിട്ട്.

# വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും പോത്തൻകോടിന് തീരാദുരിതമാകുന്നു

**പോത്തൻകോട്:** തുടരെയുണ്ടാകുന്ന വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും ബൈപാസ് റോഡിലെ പ്രധാന ടൗണായ പോത്തൻകോടിന് തീരാശാപമാകുന്നു. അശാസ്ത്രീയമായ റോഡ് നിർമ്മാണം, അപ്രായോഗികമായ ട്രാഫിക്ക് സംവിധാനം,പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴിയും ചെളിയും നിറഞ്ഞ റോഡുകൾ, ആർക്കും ആരോടും ഉത്തരവാദിത്വമില്ലാത്ത തലങ്ങും വിലങ്ങുമുള്ള വാഹന പാർക്കിംഗ് ഇത്തരത്തിലൊരു പൊതു പ്രദേശമുണ്ടെങ്കിൽ അത് പോത്തൻകോട് മാത്രമാണെന്ന് നാട്ടുകാർ പരാതിപ്പെടുന്നു.

പോത്തൻകോട് ജംഗ്ഷനിൽ റോഡിലേക്ക് ഉന്തിനിൽക്കുന്ന കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റും ഷോപ്പിംഗ് സെന്ററും ചേർന്ന കെട്ടിടമാണ് ഗതാഗതക്കുരുക്കിന് ഇടയാക്കുന്നത്. പോത്തൻകോട് ജംഗ്ഷനിൽ ഓടകൾ വെട്ടിപ്പൊളിച്ചിട്ടിട്ട് ഒരു വർഷത്തിലധികമായി. ഇതുവരെ പണിപൂർത്തിയായിട്ടില്ല. തികച്ചും അശാസ്ത്രീയമായ രീതിയിലാണ് ഇവിടെ വൺവേ ട്രാഫിക്ക് സമ്പ്രദായം നടപ്പിലാക്കിയിരിക്കുന്നത്. വൺവേ ട്രാഫിക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഇടുങ്ങിയ റോഡ് പി.ഡബ്ളിയൂ.ഡി. വകയാണ്. എന്നാൽ ജംഗ്ഷനിലെ പ്രധാന റോഡ് കെ.എസ്.ടി.പി വകയും.

പുലർച്ചെ മൂന്നുമുതൽ സജീവമാകുന്ന വാണിജ്യകേന്ദ്രവും ചന്തയും പോത്തൻകോട് ജംഗ്ഷനിലാണ് സ്ഥിതിചെയ്യുന്നത്. ഇവിടെ സാധനങ്ങൾ ഇറക്കാൻ വരുന്ന അനവധി ട്രക്കുകൾ എത്തിയാൽ കുപ്പിക്കഴുത്ത് രൂപത്തിലുള്ള റോഡിലെ ഗതാഗതം നിശ്ചലമാകും. മണിക്കൂറുകൾ നീളുന്ന ഗതാഗതക്കുരുക്കാണ് എല്ലാ ദിവസവും ഇവിടെ ഉണ്ടാകുന്നത്. ഇതിനെ ഫലപ്രദമായി നിയന്ത്രിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ആവശ്യമായ പോലീസുകാരും ഇവിടെ ഉണ്ടാകില്ല. സ്റ്റേഷനിൽ ആവശ്യത്തിനുപോലും പോലീസുകാരില്ലെന്നാണ് അധികൃതർ പറയുന്ന ന്യായം. ബാഹ്യപ്രേരണക്കും സമ്മർദ്ദങ്ങൾക്കും വിധേയരായി കെ.എസ്.ടി.പി തയ്യാറാക്കിയ അശാസ്ത്രീയവും വികലവുമായ റോഡ് അലൈൻമെന്റാണ് പോത്തൻകോട്ടെ ഇപ്പോഴത്തെ ദുസ്ഥിതിക്ക് കാരണം. മിക്കവാറും ദിവസങ്ങളിൽ ഇവിടെ അപകടങ്ങൾ ഉണ്ടാകാറുണ്ട്. അപകടത്തിൽപെട്ട് വിലപ്പെട്ട ജീവനുകളും പൊലിയുന്നു.

റോഡിലേക്ക് ഉന്തിനിൽക്കുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലസും കെ.ആസ്.ആർ.ടി.സി ബസ്സ് സ്റ്റാന്റ് കെട്ടിടവും പൊളിച്ച് മാറ്റി റോഡിനായി വിട്ടുകൊടുക്കുകയും പകരം സ്റ്റാന്റിന്റെ പടിഞ്ഞാറ് ഭാഗത്ത് ഇത് പുനർനിർമ്മിക്കുകയും ചെയ്താൽ ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരമാകും. കൂടാതെ തലങ്ങും വിലങ്ങുമായുള്ള അനധികൃത പാർക്കിംഗ് കർശനമായി നിയന്ത്രിക്കണം. ഗതാഗതക്കുരുക്കുണ്ടാക്കുന്ന ഓട്ടോറിക്ഷാ സ്റ്റാന്റ് മാറ്റി സ്ഥാപിക്കണം. ജംഗ്ഷനിലും വൺവേ റോഡും അടിയന്തിരമായി ടാർ ചെയ്യണം. കെ.എസ്.ടി.പി. വിഭാവനചെയ്ത 'സുഗമമായ ഗതാഗതം' നടപ്പിലാക്കാൻ അധികൃതർ തയ്യാറാകണം.

പോത്തൻകോട് ജംഗ്ഷനിൽ നിർത്താതെ കടന്നുപോകേണ്ടുന്ന വാഹനങ്ങളാണ് ജംഗ്ഷനിലെ ഇടുങ്ങിയ റോഡിൽപെട്ട് നട്ടംതിരിയേണ്ടിവരുന്നത്. ആയതിനാൽ ഇത്തരം വാഹനങ്ങൾക്ക് സുഗമമായി കടന്നുപോകാൻ, വേണ്ടിവന്നാൽ മേൽപ്പാലം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. വ്യാപാരി സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും ജനപ്രതിനിധികളുടേയും വിപുലമായ യോഗം വിളിച്ചുകൂട്ടി റോഡുവികസന കാര്യങ്ങൾ ചർച്ച ചെയ്യണമെന്നും ഇതിന് അധികൃതർ മുൻകൈയെടുക്കണമെന്നും നാട്ടുകാർ ആവശ്യപ്പെടുന്നു.



രത്നഗിരി യൂണിറ്റിൽ അജയകുമാർ വി.വി. നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം സെപ്റ്റംബർ 24 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു



ആനന്ദപുരം യൂണിറ്റിൽ ജെ. നന്ദകുമാർ നിർമ്മിച്ച ഭവനമായ 'സ്നേഹ'ത്തിന്റെ ഗൃഹപ്രവേശനം സെപ്റ്റംബർ 24 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിച്ചു



റ്റി. ശിവരാമൻ



എം. വസന്തകുമാർ

# സ്ഥാനക്കയറ്റം നല്കി

**സ്പിരിചൽ സോൺ :**സെപ്റ്റംബർ 24 നു ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗം കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിൽ സേവനം അനുഷ്ഠിക്കുന്ന റ്റി. ശിവരാമന് അസിസ്റ്റന്റ് ജനറൽ മാനേജർ (അഡ്വെർടൈസ്മെന്റ്) ആയും എസ്റ്റേറ്റ്സ് ആന്റ് അസറ്റ്സ് ഡിപ്പാർട്ട്മെന്റിലെ എം. വസന്തകുമാറിന് അസിസ്റ്റന്റ് ജനറൽ മാനേജർ (സർവെ) ആയും സ്ഥാനക്കയറ്റം നല്കുന്നതിന് തീരുമാനിച്ചു.



എസ്.ഐ.റ്റി.ഡി. കോഴിക്കോട് നടത്തിയ ട്രെയിനിംഗിൽ പങ്കെടുത്തവർ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയോടൊപ്പം



കാഞ്ഞാംപാറ യൂണിറ്റിലെ കെ.കെ.രമണൻ- വിനികുമാരി ദമ്പതിമാരുടെ ഭവനമായ 'മംഗള'ത്തിന്റെ ഗൃഹപ്രവേശനം സെപ്റ്റംബർ 25 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിച്ചു

# ദിവംഗതരായി



കെ. സത്യഭാമ

**വർക്കല:** സർവാദരണീയ ജനനി സൗമ്യ ജ്ഞാനതപസ്വിനിയുടെ ജ്യേഷ്ഠ സഹോദരി പേരേറ്റ് 'ഭാസ്കര നിവാസി'ൽ കെ. സത്യഭാമ (86) സെപ്റ്റംബർ 27 ന് ദിവംഗതയായി. ഭർത്താവ് ദിവംഗതനായ ഭാസ്കരൻ. മകൻ: ഷൈമ ഭാസ്കർ (ഡെപ്യൂട്ടി തഹസിൽദാർ, വർക്കല). മരുമകൾ: ദീപ.



കെ. രഘുനാഥൻ

**കൊല്ലം:** ചന്ദനത്തോപ്പ് മേക്കോൺ റേഷൻകട ഉടമ കൊറ്റൻകര 'പങ്കജഭവനി'ൽ കെ. രഘുനാഥൻ (68) സെപ്റ്റംബർ 24 ന് ദിവംഗതനായി.
സംസ്കാരം നടന്നു. ഭാര്യ കെ. സുധർമ്മ. മക്കൾ: സുമ എസ്. ആർ, അനു എസ്. ആർ മരുമക്കൾ: ആർ. രാസ്വിൻ, കെ. വിനോദ് കുമാർ.



സുമതി. കെ

**ഒറ്റപ്പാലം:** ആദരണീയ ജനനി പൗർണമി ജ്ഞാനതപസ്വിനിയുടെ അമ്മ മനിശേരി കുണ്ടുകുളങ്ങര വീട്ടിൽ സുമതി. കെ (84) സെപ്റ്റംബർ 23 ന് ദിവംഗതയായി. ഭർത്താവ് ദിവംഗതനായ കെ. രാമൻ. മറ്റുമക്കൾ: രവീന്ദ്രൻ, ഹരിദാസ്, രമാദേവി, യമുന, ദിവംഗതരായ ശശിധരൻ, സുരേന്ദ്രൻ.



പ്രവർത്തന മികവിനുള്ള മെമന്റോ തിരുവനന്തപുരം ഏരിയ (റൂറൽ) സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയിൽ നിന്നും ഏറ്റുവാങ്ങുന്നു



സേതുനാഥ് എസ്



രഞ്ജിത് ജി.എസ്



അഖിൽ ജെ.എൽ

# ത്രൈമാസ അവലോകന മീറ്റിംഗ്

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി മെഡിക്കൽ സർവ്വീസസ് ഡിവിഷന്റെ ത്രൈമാസ അവലോകന മീറ്റിംഗ് സെപ്റ്റംബർ 25 ന് ആശ്രമം സ്പിരിച്വൽ സോൺ കോൺഫറൻസ് ഹാളിൽ നടന്നു. മീറ്റിംഗിൽ കർക്കിടക സീസണിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു. കർക്കിടക സീസണിൽ മികച്ച പ്രവർത്തനത്തിന് നേതൃത്വം നൽകിയ സേതുനാഥ് എസ്, ഡെപ്യൂട്ടി ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം തിരുവനന്തപുരം ഏരിയ ഓഫീസ് (സിറ്റി), രഞ്ജിത് ജി.എസ്, മാനേജർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം കൊല്ലം ഏരിയ ഓഫീസ്, അഖിൽ ജെ.എൽ, ഡെപ്യൂട്ടി മാനേജർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം കോട്ടയം ഏരിയ ഓഫീസ് എന്നിവരെ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ചടങ്ങിൽ മെമന്റോ നൽകി ആദരിച്ചു.

യോഗത്തിൽ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല നിർമ്മിച്ച പുതിയ മരുന്നുകളുടെ പരിചയപ്പെടുത്തലും നടന്നു.



സാഞ്ചി ദേശീയ ശില്പശാലയിൽ ഡോ.ഗോപിനാഥപിള്ള

# 'ഇന്ത്യൻ തത്വചിന്തയുടെ പുനർരചന ഗുരുദർശനത്തിന്റെ അടിസ്ഥാനത്തിൽ'

**ഭോപ്പാൽ:** ഇന്ത്യൻ തത്വചിന്തയെ അടിസ്ഥാനമാക്കി സാഞ്ചി സർവകലാശാലയിൽ വച്ച് നടന്ന ദേശീയ ശില്പശാല സമാപിച്ചു. സെപ്റ്റംബർ 25 മുതൽ 29 വരെയാണ് ശില്പശാല നടന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുന്നൂറോളം പ്രമുഖ പണ്ഡിതന്മാർ പങ്കെടുത്ത ശില്പശാലയിൽ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ചീഫ് ഫെലോ പ്രൊഫ. ഡോ. കെ. ഗോപിനാഥൻ പിള്ള പ്രബന്ധം അവതരിപ്പിച്ചു. 'ഇന്ത്യൻ തത്വചിന്തയുടെ പുനർരചന ശാന്തിഗിരി ദർശനത്തിന്റെ അടിസ്ഥാനത്തിൽ' എന്ന വിഷയത്തിലാണ് ഡോ. ഗോപിനാഥൻപിള്ള സംസാരിച്ചത്. ഇന്ത്യൻ ആത്മീയതയുടെ അടിസ്ഥാനശില ആദിഗുരു മനുവിൽകൂടി വെളിപ്പെട്ടു കിട്ടിയ മന്വന്തര സിദ്ധാന്തം അനുസരിച്ചുള്ള കാലഗണനയാണെന്നും കാലധർമ്മമനുസരിച്ച് ഇന്ത്യയുടെ സകല സിദ്ധാന്തങ്ങളെയും വിലയിരുത്തണമെന്നും പുനരാഖ്യാനം നടത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ബ്രഹ്മനിശ്ചയത്താൽ ജന്മമെടുത്ത മഹാഗുരു നവജ്യോതിശ്രീ കരുണാകരഗുരുവിൽകൂടിയാണ് കാലധർമ്മം പുന:സ്ഥാപിക്കപ്പെട്ടത്. സകല മാനവ ധർമ്മകർമ്മങ്ങളും ഗുരു സ്ഥാപിച്ച ഗുരുശിഷ്യസമ്പ്രദായത്തിൽകൂടി കാലങ്ങൾകൊണ്ട് പുനരാവിഷ്കരിക്കുകയാണ് ശാന്തിഗിരി ആശ്രമത്തിന്റെ ലക്ഷ്യമെന്നും പ്രൊഫസർ ഡോ. ഗോപിനാഥൻപിള്ള ചൂണ്ടിക്കാട്ടി.

# ആകാശവാണിയിൽ ഗുരുഗീതങ്ങൾ

**തിരുവനന്തപുരം:** ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ ആകാശവാണിയിൽ ഗുരുഭക്തി ഗാനങ്ങൾ അവതരിപ്പിക്കും. ഈ പരിപാടി ഒക്ടോബർ 18 ന് ആകാശവാണി പ്രക്ഷേപണം ചെയ്യും. ഗായകരായ വിനേഷ് പി., ഋഷികേശ് ദേവ് കെ.ബി. ശ്യാം ശശി, രഞ്ജിത്ത് പി.കെ., ബിന്ദു സുനിൽ, ശാലിനി വി.എസ്., പ്രത്യുഷ പി., അംബിക ശശി, അജിത കെ. നായർ എന്നിവരുൾപ്പെടുന്ന ശാന്തിഗിരി ക്വയറാണ് പരിപാടി അവതരിപ്പിക്കുന്നത്.



എസ്. സൂര്യജിത്ത്

# യോഗ്യത നേടി

**എഡ്യൂക്കേഷൻ സോൺ:** തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വച്ച് നടന്ന ജില്ലാതല സ്കൂൾ അത്‌ലറ്റിക് മീറ്റിൽ 20 വയസിൽ താഴെയുള്ളവർക്കുള്ള ലോങ് ജംപിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ എസ്. സൂര്യജിത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. സംസ്ഥാനതലത്തിലേക്കു യോഗ്യത നേടിയ സൂര്യജിത്ത് 12 ാം ക്ലാസ് വിദ്യാർത്ഥിയാണ്.


ഗുരുചരണം ശരണം

## പ്രാർത്ഥനയോടെ

നന്ദകുമാർ ജെ.
ഗീതാകുമാരി ജെ.
പ്രിയംവദ ജി.എൻ.
ഋഷിപ്രിയ ജി.എൻ.
'സ്നേഹം' ആനന്ദപുരം


# സൗജന്യമായി പയർ വിത്ത്

**പിരപ്പൻകോട്:** പിരപ്പൻകോട് കൃഷി ഓഫീസിൽ നിന്ന് ആവശ്യക്കാർക്ക് സൗജന്യമായി കൃഷി ചെയ്യുന്നതിനുള്ള വൻപയർ വിത്ത് ലഭ്യമാണ്. ഇതിനായി കരം തീർത്ത രസീത്, റേഷൻ കാർഡിന്റെ കോപ്പി എന്നിവ സഹിതം കൃഷി ഓഫീസിൽ എത്തിച്ചേരണം. സ്വന്തമായി പത്ത് സെന്റ് എങ്കിലും സ്ഥലമോ പാട്ടത്തിന് എടുത്ത സ്ഥലമോ ഉള്ളവർക്ക് മാത്രമെ വിത്ത് ലഭിക്കുകയുള്ളൂ.




റിസർച്ച് സോണിലെ ശീതളപാനീയ സ്റ്റാൾ

# ശീതളപാനീയങ്ങൾ മിതമായ നിരക്കിൽ

**റിസർച്ച് സോൺ:** ഗേറ്റ് നമ്പർ രണ്ടിന് സമീപം പ്രവർത്തിക്കുന്ന ആശ്രമം അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ സ്റ്റോറിൽ ജൈവ പച്ചക്കറികളും പഴങ്ങളും ശീതളപാനീയങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കിയിരിക്കുന്നു. അഗ്രിക്കൾച്ചർ സോണിൽ ജൈവരീതിയിൽ കൃഷി ചെയ്യുന്ന പയർ, പാവയ്ക്ക, കപ്പ, പടവലം, കോവയ്ക്ക, വാഴപ്പഴം, ചേന, വെള്ളരി, തക്കാളി എന്നിവയ്ക്കു പുറമെ നാടൻ തേങ്ങ, വാട്ടുകപ്പ, തേൻ എന്നിവ ഈ സ്റ്റാളിൽ നിന്ന് ലഭിക്കും. പാഷൻ ഫ്രൂട്ട് ജ്യൂസ്, നാരങ്ങാവെള്ളം, സ്റ്റാർ ഫ്രൂട്ട് ജ്യൂസ്, തേൻവെള്ളം, മോര് എന്നിവയും മിതമായ നിരക്കിൽ ലഭ്യമാണ്.


ഗുരുചരണം ശരണം

## ശാന്തിഗിരി വാഹനകാന്തി

എല്ലാവിധ വാഹന റിപ്പയറിംഗുകളും ഉത്തരവാദിത്വത്തോടുകൂടി സമയബന്ധിതമായി ചെയ്തുകൊടുക്കുന്നു. വാട്ടർ സർവീസ് സംവിധാനം ലഭ്യമാണ്.

ഫോൺ: 9526891808, 9747541721.






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala